പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5570 28.07.2015 - ൽ മറുപടിയ്ക്ക്

## ശരണാലയങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മാതൃ-ശിശു-വൃദ്ധജനങ്ങൾ-മറ്റ് അശരണർ എന്നിവരുടെ സംരക്ഷണത്തിനും സഹായങ്ങൾക്കുമായി എത്ര ശരണാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; സർക്കാർ/സ്വകാര്യമേഖല അടിസ്ഥാനത്തിൽ ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സ്വകാര്യശരണാലയങ്ങൾക്ക് രജിസ്ട്രേഷൻ ഉണ്ടോ ; എങ്കിൽ എത്ര എണ്ണത്തിന് ; ഇവയിൽ ഓരോന്നിനും ലഭിക്കുന്ന സംസ്ഥാന /കേന്ദ്ര/വിദേശ സഹായങ്ങൾ എന്ത് എന്നും സ്വകാര്യ ശരണാലയങ്ങളുടെ വരവു ചിലവു കണക്കുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടോ എന്നും 2011 മുതൽ 2015 വരെ ഇവയുടെ പ്രവർത്തനങ്ങളിൽ സംസ്ഥാനം നടത്തിയ നിരീക്ഷണങ്ങൾ എന്ത് എന്നും വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; | (ബി) | 2095 സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ ഉണ്ട്. 1354 സ്ഥാപനങ്ങൾ സംസ്ഥാന സർക്കാർ ഗ്രാന്റ് ഇൻ എയ്ഡ് സ്കീമിൽ ഉൾപ്പെട്ടവയാണ്. അന്തേവാസികൾക്ക് ഒരാൾക്ക് പ്രതിമാസം 1000/- രൂപ വീതമാണ് 01.01.2015 മുതൽ സർക്കാർ ഗ്രാന്റ് നൽകുന്നതിന് അനുമതിയുള്ളത്. കേന്ദ്ര-വിദേശ സഹായങ്ങൾ വകുപ്പുവഴിയല്ല നൽകി വരുന്നത്. സംസ്ഥാന സർക്കാർ ഗ്രാന്റ് നൽകുന്ന 1354 സ്ഥാപനങ്ങളുടെ കണക്കുകൾ ലോക്കൽ ഫണ്ട് ആഡിറ്റിന് വിധേയമാക്കാറുണ്ട്.<br>സ്ഥാപനങ്ങളുടെ നിരീക്ഷണത്തിന് കൺട്രോൾ ബോർഡ് ഉണ്ട്. ജില്ലാതലത്തിൽ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുണ്ട്. സംസ്ഥാനതലത്തിൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവലോകനസമിതിയുണ്ട്. അതോടൊപ്പം ഈ സ്ഥാപനങ്ങളുടെ പരിശോധന നടത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് അഡീഷണൽ |

| | | | |
|---|---|---|---|
| | | | സെക്രട്ടറിയുടെ നേതൃത്ത്വത്തിൽ സർക്കാർ ഉത്തരവ് (സാധാ) 80/2013/സാനീവ തീയതി 2.03.2013 പ്രകാരം ഒരു പരിശോധന സമിതി രൂപീകരിച്ചിട്ടുണ്ട്.<br><br>**വർഷം തിരിച്ചുള്ള നിരിക്ഷണം :**<br>i. ഓർഡ് ഏജ് ഹോം, വിഭിന്ന ശേഷിയുള്ളവരുടെ ഭവനങ്ങൾ, സ്ത്രീകളുടെ ഭവനങ്ങൾ എന്നിവർക്ക് സ്വന്തമായി ഭവനവും ദൂരപരിധിയും നിശ്ചയിച്ച് കൊണ്ടുള്ള ഉത്തരവിൽ റീലാക്സിയേഷൻ നല്കണം - 2011.<br><br>ii.ബോർഡിംഗ് ചാർജ് 500-ൽ നിന്ന് 1500 ആക്കണമെന്നുള്ള നിരിക്ഷണം -2011.<br><br>iii.പ്രതിമാസ ഗ്രാന്റ് 250 ൽ നിന്ന് 525 ആക്കണമെന്നുള്ള നിരീക്ഷണം -2011.<br><br>iv. അനധികൃത സ്ഥാപനങ്ങളുടെ മേൽ ആക്ട് അനുസരിച്ച് നടപടികൾ - 2011.<br><br>v. മാനസിക രോഗികളായ അലഞ്ഞു തിരിയുന്നവരുടെ റൂൾസ് നിർമ്മാണം -2011.<br><br>vi. സ്ഥാപനങ്ങളിലെ അന്തേവാസികളെ ബിപിഎൽ കാറ്റഗറിയിൽ ഉൾപ്പെടുത്തുന്നത് -2012.<br><br>vii. സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് മാസത്തിലൊരിക്കൽ മെഡിക്കൽ സേവനം-2012.<br><br>Viii.അരി, പഞ്ചസാര, ഗോതമ്പ് എന്നിവ ബിപിഎൽ നിരക്കിൽ നൽകൽ -2012<br><br>ix. കെ ഡബ്ല്യു എയുടെ ഡൊമസ്റ്റിക് വാട്ടർ കണക്ഷൻ നൽകൽ - 2012.<br><br>x. പ്ലസ് ടു പാസായ സ്ഥാപനത്തിലെ കുട്ടികൾക്ക് അധിക സീറ്റ് അനുവദിച്ച് കൊണ്ട് എച്ച്. എസ്.സി, വി.എച്ച്.എസ്.സി പ്രവേശനം - 2012. |

| | | | |
|---|---|---|---|
| | | | xi. ജില്ലാതല അനാഥ അഗതി മേളയ്ക്ക് എൽഎസ്ജിഡി ധനസഹായം നൽകണം 2012.<br><br>xii.ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരണം - 2012<br><br>xiii. അന്തേവാസികൾക്ക് കൗൺസിലിംഗ് സൗകര്യം - 2012.<br><br>xiv. പിഡബ്ല്യുഡി ആക്ട് പ്രകാരമുള്ള സ്ഥാപനങ്ങളുടെ Competent Authority ബോർഡ് ഓഫ് കൺട്രോൾ ആയിരിക്കണം - 2012.<br><br>xv. വികലാംഗരുടെ ഭവനങ്ങളിലെ പ്രവേശനത്തിനുള്ള പരിധി ഒഴിവാക്കണം -2012<br><br>xvi. ഇതര സംസ്ഥാനകുട്ടികളുടെ പ്രവേശനത്തിന് റഗുലേഷൻസ് -2013<br><br>xvii. സ്ഥാപനങ്ങളിലെ പ്രവേശനത്തിന് വരുമാനപരിധി ഗ്രാമങ്ങളിൽ 34,000/-രൂപ യും നഗരങ്ങളിൽ 38,000/- രൂപയും ആക്കണം. -2013<br><br>xviii.ഗ്രാന്റ് തുക 700/- രൂപ ആക്കണം -2013.<br><br>xix. അനാഥാലയങ്ങളിലെ കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസ ധനസഹായം - 2013.<br><br>xx. അന്തേവാസികളുടെ വിവാഹത്തിന് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കണം -2013.<br><br>xxi. മാനസിക രോഗികളായ അലഞ്ഞു തിരിഞ്ഞ് നടക്കുന്നവരുടെ ഭവനങ്ങൾക്ക് ഗ്രാന്റ് നല്കണം -2013.<br><br>xxii. സ്ഥാപനങ്ങൾക്കുള്ള ധനസഹായം 700 |

| | | | |
|---|---|---|---|
| | | | രൂപയിൽ നിന്നും 800 രൂപ ആക്കണം - 2014.<br><br>xxiii. സ്ഥാപനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, എൽഎസ്ജിഡി എൻജിനീയറിംഗ് വിഭാഗത്തെ ചുമതപ്പെടുത്തണം - 2014.<br><br>xxiv. സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള ഗ്രാന്റ് പ്രതിമാസം 1000/- രൂപ ആക്കണം - 2015<br><br>Xxv. സ്ഥാപനങ്ങളിലെ പ്രവേശനത്തിനുള്ള വാർഷിക പരിധി 1,00,000/- രൂപ ആക്കണം - 2015 |
| (സി) | ഇത്തരത്തിൽ സംസ്ഥാനത്തു പ്രവർത്തിക്കുന്ന ശരണാലയങ്ങളിലെ അന്തേവാസികൾക്കെതിരെയുള്ള പീഡനത്തിനും പണാപഹരണം ഉൾപ്പെടെയുള്ള മറ്റ് അനാശാസ്യ പ്രവർത്തനങ്ങളും സംബന്ധിച്ച് 2011 മുതൽ 2015 വരെ ഓരോവർഷവും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഓരോ കേസ്സിലും എന്തു നടപടികൾ സ്വീകരിച്ചു ; ഏതെല്ലാം സ്ഥാപനങ്ങളിൽ ഇത്തരം പ്രവർത്തന വൈകല്യങ്ങൾ കണ്ടെത്തിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ? | (സി) | വകുപ്പിൽ നിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ഡി) | പ്രസ്തുത ശരണാലയങ്ങളിലെ ഇത്തരം പ്രവർത്തികൾ തടയുവാനും, ധനവിനിയോഗങ്ങൾ നിരീക്ഷിക്കുവാനും ആരോഗ്യകരമായ ജീവിതം ഉറപ്പുവരുത്താനും | (ഡി) | അന്തേവാസികൾ ഏതെങ്കിലും പീഡനത്തിന് വിധേയമാകുന്നുണ്ടോ എന്നും പരിശോധിക്കുവാനും അതിന്മേലുള്ള നിയമങ്ങളും ശക്തമാക്കിയിട്ടുണ്ട്. വകുപ്പ് തല ഉദ്യോഗസ്ഥരുടെ പരിശോധനയും കൺട്രോൾ ബോർഡിന്റെ പരിശോധനയും ശക്തമാക്കിയിട്ടുണ്ട്. ഓരോ പോലീസ് |

| | | | |
|---|---|---|---|
| | 2011 മുതൽ 2015 വരെ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ? | | സ്റ്റേഷനുകളുടെ അധികാരപരിധിയിൽ വരുന്ന സ്ഥാപനങ്ങളെ പോലീസ് അധികാരികൾ periodically ആയി പരിശോധിക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി നല്കിയിട്ടുണ്ട്. സ്ഥാപനങ്ങൾ പരിശോധിക്കാനുള്ള അധികാരം ഫുഡ് സേഫ്റ്റി കമ്മീഷണർ, അദ്ദേഹം നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, പോലീസ്, ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർക്ക് കൂടി അധികാരം നൽകികൊണ്ട് റഗുലേഷൻ പുറപ്പെടുവിച്ചു. അന്തേവാസികൾക്ക് കൗൺസിലിംഗ് നൽകുന്നതിന് 50 സ്ഥാപനങ്ങൾക്ക് 1 കൗൺസിലർ എന്ന വിധത്തിൽ 40 കൗൺസിലർമാരെ നിയമിച്ചു. സ്ത്രീകളുടെയും, പെൺകുട്ടികളുടെയും ഭവനങ്ങളുടെ ജീവനക്കാരും, ചാർജ് ഓഫീസർമാരും വനിതകളായിരിക്കണമെന്ന് കാണിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചു. അന്തേവാസികളുടെ വിവാഹം സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു. കുട്ടികളുടെ സ്ഥാപനങ്ങളിൽ (1098) ചൈൽഡ് ഹെൽത്ത് നമ്പർ പ്രദർശിപ്പിക്കാനുള്ള മാർഗ്ഗനിർദ്ദേശം നൽകി. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത സ്വകാര്യ മേഖലയിലുള്ള സ്ഥാപനങ്ങൾ

| ക്രമ നം. | ജില്ല | ഓർഫനേജ് | ഓൾഡ് ഏജ് | വിമൺ ഇൻ ഡിസ്ട്രസ് | ബെഗ്ഗർ ഹോം | ഫിസിക്കലി ഹാന്റി ക്യാപ്ഡ് | ഫൗണ്ടിലിംഗ് ഹോം | അദേർസ് |
|---|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 104 | 47 | 3 | 4 | 16 | 3 | 4 |
| 2 | കൊല്ലം | 58 | 19 | 1 | - | 8 | 1 | 1 |
| 3 | പത്തനംതിട്ട | 45 | 29 | 1 | - | 13 | - | 2 |
| 4 | ആലപ്പുഴ | 43 | 27 | 3 | - | 11 | - | 2 |
| 5 | കോട്ടയം | 107 | 84 | 2 | 1 | 37 | 3 | 5 |
| 6 | ഇടുക്കി | 70 | 28 | 4 | - | 16 | 4 | 3 |
| 7 | എറണാകുളം | 177 | 120 | 14 | 2 | 36 | 6 | 7 |
| 8 | തൃശ്ശൂർ | 135 | 72 | 6 | - | 34 | 6 | 4 |
| 9 | പാലക്കാട് | 102 | 32 | - | - | 14 | 1 | 1 |
| 10 | മലപ്പുറം | 112 | 8 | - | 2 | - | 1 | 2 |
| 11 | കോഴിക്കോട് | 77 | 22 | 3 | - | 6 | 1 | 1 |
| 12 | വയനാട് | 48 | 20 | 1 | - | 8 | 1 | 1 |
| 13 | കണ്ണൂർ | 85 | 38 | 2 | 2 | 13 | 3 | 7 |
| 14 | കാസർഗോഡ് | 39 | 12 | - | - | 2 | - | - |
| ആകെ | | 1202 | 558 | 40 | 11 | 214 | 30 | 40 |

### സർക്കാർ നേരിട്ട് നടത്തുന്ന സ്ഥാപനങ്ങൾ

| ക്രമ നം. | ജില്ല | ബാലനീതി സ്ഥാപനങ്ങൾ | ഓൾഡ് ഏജ് ഹോം | വിമൺ ഇൻ ഡിസ്ട്രസ് | ഫിസിക്കലി ഹാന്റി ക്യാപ്ഡ് | അദേർസ് |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 3 | 2 | 3 | 1 | 1 |
| 2 | കൊല്ലം | 2 | 1 | 2 | - | |
| 3 | പത്തനംതിട്ട | 1 | 1 | 1 | - | |
| 4 | ആലപ്പുഴ | 2 | 1 | 1 | 1 | |
| 5 | കോട്ടയം | 2 | 1 | 1 | - | |
| 6 | ഇടുക്കി | - | 1 | - | - | |
| 7 | എറണാകുളം | 2 | 2 | 1 | 1 | 1 |
| 8 | തൃശ്ശൂർ | 3 | 1 | 3 | - | |
| 9 | പാലക്കാട് | 1 | 1 | 1 | - | |
| 10 | മലപ്പുറം | 1 | 1 | 2 | - | 1 |
| 11 | കോഴിക്കോട് | 5 | 1 | 2 | 1 | 4 |
| 12 | വയനാട് | 1 | 1 | - | - | |
| 13 | കണ്ണൂർ | 1 | 1 | 1 | 1 | 1 |
| 14 | കാസർഗോഡ് | 1 | 1 | 1 | - | |
| ആകെ | | 25 | 14 | 19 | 5 | 8 |

സെക്ഷൻ ഓഫീസർ